"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം - കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ സീനിയർ ക്ലർക്ക് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജേക്കബ് ബിനോ വി യുടെ മകൻ ശ്രീ.തോമസ് ജേക്കബിന് ക്ലർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.362/2024/HEDN തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-
1. സ.ഉ(പി) നം.12/99/പി&എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീ. തോമസ് ജേക്കബിന്റെ 09.11.2023 - ലെ അപേക്ഷ.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 01.12.2023 - ലെ സി4/47885/2023/കോ.വി.വ നം.കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.05.2024 തീയതിയിലെ ഡിസി ടിവിഎം 935/2024-എസ് 6 നമ്പർ കത്ത്

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ സീനിയർ ക്ലർക്ക് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജേക്കബ് ബിനോ വി യുടെ മകൻ ശ്രീ.തോമസ് ജേക്കബിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനുള്ള അപേക്ഷ പരമാർശം (3) - ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.തോമസ് ജേക്കബ് പരമാർശം (2) ലെ അപേക്ഷയോടെപ്പം പരേതനായ ജേക്കബ് ബിനോ.വി - യുടെ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, വാർഷിക കുടുംബ വരുമാന സാക്ഷ്യപത്രം, അനന്തരാവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിരുന്നു. പരാമർശം (1) — ലെ ഉത്തരവിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

3. പരേതനായ ജേക്കബ് ബിനോ.വി - യുടെ സേവന സാക്ഷ്യപത്ര പ്രകാരം ടിയാളുടെ ജനനത്തീയതി 02.06.1965 — ഉം മരണത്തീയതി 05.08.2011— ഉം സേവനത്തിൽ പ്രവേശിച്ച തീയതി 10.02.1993 — ഉം ആണ്.പരേതന്റെ സേവനകാലം 18 വർഷവും 01 മാസവും, 07 ദിവസവുമാണ്.

4. ശ്രീ.തോമസ് ജേക്കബിന് ജോലി നല്കുന്നതിന് സമ്മതമാണെന്ന് കാണിച്ച് അനന്തരാവകാശ സാക്ഷ്യപത്രത്തിലുള്ള അർഹരായ അവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്. മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതരിൽ മറ്റാരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപേക്ഷകനായ ശ്രീ.തോമസ് ജേക്കബ് അടങ്ങിയ കുടുംബത്തിന്റെ കുടുംബവാർഷിക വരുമാനം 3,56,876/-(മൂന്ന് ലക്ഷത്തി അമ്പത്താറായിരത്തി എണ്ണൂറ്റിഎഴുപത്താറ് രൂപ മാത്രം) രൂപയാണ്.

5. ശ്രീ.തോമസ് ജേക്കബിന്റെ ജനനത്തീയതി 09.11.2005 ആണ്. SSLC പരീക്ഷ വിജയിച്ചിട്ടുള്ള ടിയാന് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ക്ലർക്ക്

തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അർഹതയുണ്ടെന്നും, ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.ടിയാന്റെ വാലിഡ് അപ്ലിക്കേഷൻ തീയതി 05.04.2024 - ആണ്.

6. മറ്റ് ആശ്രിതരെ ജീവിതകാലം മുഴുവൻ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സംരക്ഷണമൊഴി, സംരക്ഷണ സമ്മത മൊഴി ലംഘിക്കുന്ന പക്ഷം അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിന് സമ്മതമാണെന്നുമുള്ള സമ്മതപത്രം എന്നിവ അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

7. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) - ലെ സർക്കാർ ഉത്തരവിലെയും ആയതിന്റെ ഭേദഗതികളിലേയും വ്യവസ്ഥകൾക്ക് വിധേയമായും, ആശ്രിത നിയമനങ്ങൾ, ഓരോ വർഷവും അതാത് വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 5% - ൽ കൂടുതലാക്കരുതെന്ന ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ സീനിയർ ക്ലർക്ക് (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജേക്കബ് ബിനോ വി യുടെ മകൻ ശ്രീ.തോമസ് ജേക്കബിന്, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് കോളേജ് വിദ്യാഭാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

8. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നേരിട്ടുള്ള നിയമനത്തിനുള്ള അതേ നടപടി ക്രമങ്ങൾ പാലിച്ച് ശ്രീ.തോമസ് ജേക്കബിന്, നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ജോലിയിൽ പ്രവേശിക്കുന്ന തീയതി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ടിയാന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യതകൾ, എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ്, സിവിൽ സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം നിയമനം നൽകാവുന്നതാണ്.

9. പരേതനായ ജേക്കബ് ബിനോ.വി - യുടെ സേവനപുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

10. ഭാവിയിൽ സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ, വകുപ്പ് തല അന്വേഷണത്തിലോ, ശ്രീ.തോമസ് ജേക്കബ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിന് അപേക്ഷ നല്കുന്ന സമയത്ത് തെറ്റായ വിവരം നൽകിയതായോ, യഥാർത്ഥ വിവരം മറച്ചുവച്ചതായോ ബോധ്യപ്പെട്ടാൽ ടിയാളുടെ നിയമനം സർക്കാർ സ്വമേധയാ റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സിനി .ജെ .ഷുക്കൂർ**
**അഡിഷണൽ സെക്രട്ടറി**

ശ്രീ.തോമസ് ജേക്കബ്, ഗ്രീൻഡെയിൽ TC/27/2555 (1), ബേക്കറി ജങ്ഷൻ, തൈക്കാട് (By Registered Post with A/D)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),കേരള, തിരുവനന്തപുരം
പൊതുഭരണ (CE Cell) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (F2/245/2023-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari. L
Date: 13-06-2024 12:29:13
സെക്ഷൻ ഓഫീസർ